പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3084

13.03.2018-ലെ മറുപടിക്ക്

## കെ.എസ്ആർ.ടി.സി - ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്നത് പരിഹരിക്കാൻ നടപടി

ചോദ്യം

ശ്രീ. റ്റി.വി.രാജേഷ്

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | |
|---|---|
| ടയറിന്റെയും, സ്പെയർ പാർട്സുകളുടെയും ദൗർലഭ്യം മൂലം കെ.എസ്ആർ.ടി.സി. ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | 08/03/2018-ലെ കണക്കനുസരിച്ച് 5630 കെ.എസ്.ആർ.ടി.സി. ബസുകളിൽ 415 ബസുകളാണ് ഓഫ് റോഡായി ഉണ്ടായിരുന്നത്. ഇത് 7.37% മാത്രമാണ്. കൂടാതെ സർവീസിന് യോഗ്യമായ 206 ബസുകൾ ഓടാതെയുണ്ടായിരുന്നു. എന്നാൽ കെ.യു.ആർ.ടി.സി.യുടെ 719 ബസുകളിൽ 91 എ.സി ബസുകളും 110 നോൺ എ.സി ബസുകളും അറ്റകുറ്റപ്പണികൾക്കായി പിടിച്ചിരുന്നു. സ്പെയർ പാർട്സ് ലഭ്യമാകാത്തത് കാരണം പ്രധാനമായും കെ.യു.ആർ.ടി.സി.യുടെ ലോഫ്ലോർ എ.സി ബസുകൾക്കാണ് സർവീസ് നടത്താതെ ഷെഡ്യൂളുകൾ വെട്ടി-കുറയ്ക്കേണ്ടി വന്നിട്ടുള്ളത്. 08/03/2018-ലെ കണക്കനുസരിച്ച് ആകെയുള്ള 171 എ.സി സർവീസുകളിൽ 72 ഷെഡ്യൂളുകൾ സ്പെയർ പാർട്സുകളുടെ ദൗർലഭ്യം മൂലം വെട്ടി കുറയ്ക്കേണ്ടി വന്നിട്ടുണ്ട്. വോൾവോ കമ്പനിയുടെ അംഗീകൃത ഡീലർ ആയ M/s. Vista Driveline Motor Pvt Ltd എന്ന സ്ഥാപനത്തിനു മതിയായ ഫണ്ട് നൽകി സ്പെയർ പാർട്സ് ലഭ്യമാക്കി ബസുകൾ നിരത്തിലിറക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ